ഇടപെടൽ സമ്പ്രദായ'ത്തിന് അവകാശപ്പെട്ടതാണ്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 50 കോടി രൂപ ഞാൻ മാറ്റി വച്ചിരിക്കുന്നു.

നികുതികൾ

66. സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതിനിരക്ക് മത്സരം ഒഴിവാക്കാനായി ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ വില്പനനികുതി തറ നിരക്കുകൾ നിശ്ചയിച്ചതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം നികത്തിത്തരുന്നതാണെന്ന കേന്ദ്ര വാഗ്ദ്ധാനം പാലിക്കപ്പെടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. എന്നാൽ സംസ്ഥാനങ്ങൾക്ക് നഷ്ടം വരുത്തുന്ന ചില തീരുമാനങ്ങളാണ് തുടർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഉദാഹരണമായി, നികുതി ചുമത്തുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽ തന്നെ നേരിട്ട് ഇടപെട്ടുകൊണ്ട് വിമാനത്തിൽ നിറയ്ക്കുന്ന ഇന്ധനത്തിന്റെ (ATF) നികുതി 25-30%-ൽ നിന്നും 4% ആയി ചുരുക്കിയതുമൂലം കേരളത്തിനുണ്ടാകുന്ന പ്രതിവർഷ നഷ്ടം 60 കോടി രൂപയാണ്. ലോട്ടറി നിരോധനത്തിനുള്ള ശ്രമവും ഇതേപോലെ ഗവൺമെന്റിനു ഭീമമായി നഷ്ടം വരുത്തും. ഇത്തരം നടപടികളെ നാം ശക്തമായി എതിർത്തിട്ടുണ്ട്. തറ നിരക്കുകൾ നിശ്ചയിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉയർന്നു വന്നിട്ടുള്ള പരാതികൾക്കു പരമാവധി പരിഹാരം കാണാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ജവാന്മാർക്കും എക്സ്-സർവ്വീസുകാർക്കും ഡിഫൻസ് കാന്റീനുകളിൽ ലഭിച്ചുകൊണ്ടിരുന്ന വിൽപ്പന നികുതി ഇളവുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവിൽ കുറവു വരുത്തുന്നതടക്കമുള്ള അവശേഷിക്കുന്ന കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വിദേശസഹായ പദ്ധതികൾ

67. സംസ്ഥാന സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിൽ വിദേശസഹായ പദ്ധതികൾക്കുള്ള പ്രാധാന്യം ഈ സഭയ്ക്ക് അറിവുള്ളതാണല്ലോ. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകൃത തത്വമനുസരിച്ച് ഇപ്രകാരമുള്ള സഹായധനം 30 ശതമാനം ഗ്രാന്റും 70 ശതമാനം വായ്പയുമായാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഇതിന്റെ പലിശനിരക്ക് ആകർഷകമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൊത്തം വിദേശ സഹായ പദ്ധതിയുടെ തുലോം 0.39 ശതമാനം മാത്രമായിരുന്നു നമ്മുടെ വിഹിതം. വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുന്നതിൽ മുൻഗവൺമെന്റ് കാണിച്ച അലംഭാവപൂർണ്ണമായ സമീപനത്തിൽ നിന്നു വ്യത്യസ്തമായി ഈ ഗവൺമെന്റ് നടത്തിയ തുടർച്ചയായ ശ്രമങ്ങളുടെ ഫലമായി ഗണ്യമായ മുതൽമുടക്കുള്ള വൻ പദ്ധതികൾ നേടിയെടുക്കാൻ നുമക്കു കഴിഞ്ഞിട്ടുണ്ട്. 800 ദശലക്ഷം അമേരിക്കൻ ഡോളർ അടങ്കലുള്ള ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് പ്രോജക്ട് പ്രത്യക്ഷത്തിൽ നടപ്പിലാക്കിത്തുടങ്ങിയില്ല. എങ്കിൽകൂടി ഈ പദ്ധതി അംഗീകരിപ്പിക്കാൻ നമ്മുടെ ഭരണകാലത്ത് കഴിഞ്ഞു. ഈ വൻ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ഇപ്പോൾ ADB ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള 89 ദശലക്ഷം യു.എസ്.ഡോളറിന്റെ റൂറൽ വാട്ടർ സപ്ലൈ പ്രോജക്റ്റിന്റെ കരാർ ഒപ്പിട്ടുകഴിഞ്ഞു. കുടിവെള്ളത്തിനായി 200 കോടി രൂപയുടെ ഡച്ച് സഹായപദ്ധതിയും ഈ വർഷം യാഥാർത്ഥ്യമാവുന്നതാണ്. 190 കോടി രൂപയുടെ ലോകബാങ്ക് സഹായത്തോടെയുള്ള വനവൽക്കരണ പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 40 കോടി രൂപ ഞാൻ ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്നു. 2100 കോടി രൂപയുടെ 'ഹൈവേ പ്രോജക്ട്' ലോകബാങ്കിന്റെ പരിഗണനയിലാണ്. JBIC സഹായത്തോടെയുള്ള അട്ടപ്പാടി പദ്ധതി പൂർണ്ണ തോതിൽ നടന്നു വരുന്നു. നമ്മുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 6100 കോടി രൂപയുടെ വിദേശ സഹായ പദ്ധതികൾക്കു അനുവാദം ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

68. സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ക്ഷാമബത്തയുടെ മൂന്നു ഗഡുക്കൾ നൽകാനുണ്ട് എന്ന വസ്തുതയെക്കുറിച്ച് ഞാൻ അതീവ ബോധവാനാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കം ബോധ്യപ്പെട്ട് ക്ഷാമബത്ത നൽകുന്നതിനുള്ള കാലതാമസം സഹിച്ചുകൊണ്ട് സർക്കാരിനോട് സഹകരിച്ച മിക്കവാറും എല്ലാ ജീവനക്കാരുടെയും സമീപനമാണ് ഏറെ പ്രോത്സാഹജനകമായി തോന്നിയിട്ടുള്ളത്. അതിൽ എനിക്ക് അവരോട് അതിയായ കടപ്പാടുണ്ട്. 1-7-1999 മുതലും 1-1-2000 മുതലും കുടിശ്ശികയായ ക്ഷാമബത്ത അതേ തീയതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതാണെന്ന് അറിയിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. വർദ്ധിപ്പിച്ച ക്ഷാമബത്ത 2001 മേയ് മാസത്തിലെ ശമ്പളത്തിൽ വാങ്ങുവാൻ കഴിയുന്നതാണ്. കുടിശ്ശിക ഒരു വർഷത്തേയ്ക്ക് പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതാണ്.

സാമ്പത്തിക സ്ഥിതി സംഗ്രഹം

69. 2000-2001 ലെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ചെലവുകൾ 8.05 ശതമാനം നിയന്ത്രിച്ചുകൊണ്ട് കമ്മി കുറയ്ക്കുമെന്ന് ഞാൻ സഭയെ അറിയിച്ചിരുന്നു. വാഗ്ദാനം ചെയ്തിരുന്ന തലത്തിലേക്ക് മിക്കവാറും എല്ലാ ഇനങ്ങളിലേയും ചെലവുകൾ കുറയ്ക്കാൻ എനിക്കു കഴിഞ്ഞു. എന്നാൽ, ചില അത്യാവശ്യ ചെലവുകൾ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തേണ്ടിവന്നതിനാലും പെൻഷനിലും പലിശയിലും പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധനവുണ്ടായതിനാലും മൊത്തം റവന്യൂ ചെലവുകളിൽ നേരിയ വർദ്ധനവുണ്ടായി. ഞാൻ ഇതിനകം വിശദീകരിച്ച കാരണങ്ങളാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ വരുമാനം പിരിച്ചെടുക്കുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടേണ്ടി വരും. എന്നിരുന്നാലും ഇക്കൊല്ലത്തെ റവന്യൂക്കമ്മി 1999-2000-ത്തിനേക്കാൾ വളരെ കുറവാണ്. ധനകാര്യ കമ്മീഷന്റെ സഹായകരമല്ലാത്ത നിലപാടുമൂലം കേന്ദ്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

to similar huge losses to Government. We have condemned such action in the strongest terms. We have done our best in redressing the complaints that have arisen as a result of implementing floor rates for taxes. Other tax proposals including reducing sales tax for jawans and exservice men on purchases from defence canteens are under the active consideration of Government .

EXTERNALLY AIDED PROJECTS

67. The House is aware of the major role that Externally Aided Projects play in accelerating the Economic development of the State. As per Government of India norms 30% of such assistance is made available to all states as grant and 70% is made available as a loan. The rate of inerest is very attractive. When this Government came to power , the share of Kerala in total Externally Aided Projects was a paltry 0.39%. It speaks volumes of the attention paid by the previous Government to muster resources for developmental projects. Sir, due to concerted efforts made by this Government we have been successful in cornering very amjor projects with substantial outlay. The Asian Development Bank Project could not fructify before I demit office but we have brought it to fruition. It will be the largest single project made availanle to the State with an outlay of US$ 800m. The project is awaiting the approval of the ADB Board. The World Bank assisted Kerala Rural Water Supply Project with an outlay of US$ 89 m has already been singed. The Dutch Government assistance of about Rs. 200 cr. in this sector will materialize this year. The World Bank aided Rs.190 cr.forestry project is already underway. I have provided an allocation of Rs. 40 cr. in my budget. The World Bank has also agreed to help the Highways Project. The outlay is expected to be Rs. 2100 Crores. The JBIC -assisted Attappady project is now in full swing. I am proud to state that as a result of our diligence Externally Aided Projects with a total outlay of about Rs. 6100 Crores have been sanctioned for the State.

68. I am deeply conscious of the fact that Government has to release three instalments of dearness Allowance. What has been most encouraging is the fact most of the employees in the State have stood by Government in its financial difficulty and chose to patiently bear

LIBRARY ARCHIVES Kerala Legislative Assembly

this delay. I am most grateful to them. I am happy to announce the release of arreas of Dearness Allowance and Dearness Relief that fell due on 1-7-1999 and 1-1-2000. Employees will be able to draw their salary at the increased rates from May. The arrears will be credited to the provident fund accounts for a period of one year.

SUMMARY OF FINANCIAL POSITION

69. When I presented my budget for 2000-01, I had informed the house that I would cut down on deficit by holding down the expenditure to 8.05%. I have been successfully able to hold down expenditure on all items to the promised level. However on account of essential expenditure that I had to accommodate through the supplementary demand for grants and some increase on pensions and interest expenditure more than what was forecast, there has been a marginal increase in the total revenue expendiature. I will have a great deal difficulty in realising my estimates of revenue receipt for reasons that I have already explained. However, the revenue deficit for this year will be substantially lower than that in the previous year 1999-2000. For the primary reasons of shortage in anticipated receipts from the Centres as a result of the unfavourable award of the Finance Commission and some shortfall in items of revenue other than sales tax, I will have a deficit of Rs. 684.99 cr. which together with the negative opening balance will add to an over all deficit of Rs. 859.89 cr.

70. Here is the final overall financial position for the current year 2000-01.

Revised Estimates 2000-01 (in Rs. cr)

Revenue Receipts	9332.07
Revenue Expenditure	12563.84
Revenue Deficit	(-) 3231.77
Capital Expenditure	831.18
Loans & Advances (Net)	(-) 300.70
Public Debt (Net)	2152.58

LIBRARY ARCHIVES Kerala Legislative Assembly